## (10) ഹാച്ചറിയുടെ പ്രവർത്തനം

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാന്യനായ കെ. പി. മോഹനൻ കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് 30-9-2014-ൽ അന്നത്തെ സർക്കാർ ജി.ഒ.(എംഎസ്.) 219/2014/എ.ഡി. പ്രകാരം എടവണ്ണ ഹാച്ചറിക്ക് അനുവാദം നൽകുകയുണ്ടായി. ഹാച്ചറിക്കുവേണ്ടി എടവണ്ണ ഗ്രാമപഞ്ചായത്ത് രണ്ടേക്കർ സ്ഥലം മൃഗസംരക്ഷണ വകുപ്പിന് സൗജന്യമായി വിട്ടുകൊടുത്തു. ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി, അന്ന് 6,09,87,720 രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റെടുത്തു. 1,95,00,000 രൂപയ്ക്ക് ഒന്നാംഘട്ടത്തിൽ ആർ.കെ.വി.വൈ. പ്രകാരം ഭരണാനുമതി നൽകിയെങ്കിലും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നീങ്ങിയിരുന്നത്. 6-11-2019-ലെ എന്റെ ചോദ്യത്തിന് അന്നത്തെ വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടി, ഈ ഹാച്ചറിയുടെ കെട്ടിട നിർമ്മാണം, പൗൾട്ടി ഷെഡ്ഡ് നിർമ്മാണം, തീറ്റ സംഭരണ മുറിയുള്ള ഓഫീസ് കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ചുവരുന്നതായും 67,14,000 രൂപ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകുകയും ചെയ്തു എന്നാണ്. ആർ.കെ.വി.വൈ. സ്കീം പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ കെട്ടിടത്തിന്റെ ഒന്നാംഘട്ടം പണി പൂർത്തീകരണത്തിൽ എത്തിയിരിക്കുകയാണ്. ഒന്നാംഘട്ടത്തിലുൾപ്പെടേണ്ട ഇൻക്യുബേറ്റർ, ചുറ്റുമതിൽ, വെള്ളം, ഇലക്ട്രിസിറ്റി ഇവയൊന്നും ഇനിയും പൂർത്തീകരിച്ചിട്ടില്ല. 1,95,00,000 രൂപയിൽ 1,24,29,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുഴുവൻ തുകയും ലഭിച്ചാൽമാത്രമേ ഇതിന്റെ ഒന്നാംഘട്ടം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുകയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കിയത്. മലബാറിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ആദ്യത്തെ ഒരു ഹാച്ചറിയാണിത്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുന്നത് സംബന്ധിച്ചോ രണ്ടാംഘട്ടം തുടങ്ങുന്നത് സംബന്ധിച്ചോ ഒരു വ്യക്തതയും നാളിതുവരെ ലഭിച്ചിട്ടില്ല. ഞാൻ ഇക്കാര്യം പുതുതായിവന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2020 മാർച്ച് മാസത്തോടെ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നായിരുന്നു അന്നത്തെ മന്ത്രി സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കണം. 2 കോടി രൂപ വിലവരുന്ന, പഞ്ചായത്തിന്റെ രണ്ടേക്കർ സ്ഥലം സൗജന്യമായാണ് നൽകിയത്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനും രണ്ടാംഘട്ടം അടിയന്തരമായി തുടങ്ങാനുമുള്ള നടപടിയുണ്ടാകണം. അതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഏറനാട് മണ്ഡലത്തിലെ രാഷ്ട്രീയ കിസാൻ വികാസ് യോജന (RKVY) പദ്ധതി പ്രകാരമുള്ള എടവണ്ണ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 30-9-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 219/2014/എ.ഡി. പ്രകാരം ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 30-11-2015-ലെ ഉത്തരവ് നമ്പർ 1979/2015/കൃഷി പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് അനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിക്ക് രണ്ട് കോടി രൂപയാണ് അനുവദിച്ചത്. അതിൽ നാളിതുവരെ 1,24,69,351 രൂപ ചെലവാക്കുകയും ബാക്കി തുകയായ 75,30,649 രൂപ മാനദണ്ഡങ്ങൾക്ക് വിധേയമായി കൃഷി ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് തിരികെ നൽകുകയും ചെയ്തു. ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നിലവിലെ എസ്റ്റിമേറ്റ് പ്രകാരം 95 ശതമാനം പൂർത്തിയായിട്ടുണ്ടെങ്കിലും ഗേറ്റ് നിർമ്മാണം, വാട്ടർ കണക്ഷൻ, വൈദ്യുതി എന്നിവ ലഭ്യമാക്കാനുണ്ട്. അടുത്തുള്ള ജലസ്രോതസ്സുകളിൽനിന്നും ജലലഭ്യത ഇല്ലെന്നുള്ള ഭൂഗർഭ വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി എടവണ്ണ പഞ്ചായത്തിലെ വാട്ടർ സപ്ലൈ എടവണ്ണ ഹാച്ചറിയിലേയ്ക്കുകൂടി ലഭ്യമാക്കണമെന്ന് എടവണ്ണ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലേയ്ക്കായി ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾക്കുപുറമെ ജനറേറ്റർ, ചുറ്റുമതിൽ, ഇന്റർലോക്ക്, വാച്ച്മാൻ ക്യാബിൻ എന്നിവകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ, ഹാച്ചറി പ്രവർത്തനക്ഷമമാക്കുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ സ്ഥാപിച്ച് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ആദ്യഘട്ടത്തിൽ 15,000 മുട്ടകൾ ആഴ്ചയിൽ വിരിയിക്കാൻ സാധിക്കും. പിന്നീട് 1.6 ലക്ഷം മുട്ടകൾ വിരിയിക്കാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള തുടർപ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ ഫാമിനെ പ്രവർത്തനസജ്ജമാക്കാൻ കഴിയുകയുള്ളൂ. ആയതിലേയ്ക്ക് ജില്ലാ പഞ്ചായത്തിൽനിന്നോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ ഫണ്ട് കണ്ടെത്തി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly